**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **21-06-2024 - ൽ മറുപടിയ്ക്ക്**

**ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പിന്റെ വാർദ്ധക്യകാല പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽനിന്നും വാർദ്ധക്യകാല പെൻഷൻ വാങ്ങുന്ന ഗോപാലകൃഷ്ണക്കുറുപ്പിന് (പെൻഷൻ ഐ.ഡി. നമ്പർ 101670229681 ) പെൻഷൻ തുക പൂർണ്ണമായും ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സേവന പെൻഷൻ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പിന് 2015 ഒക്ടോബർ മുതൽ അനുവദിച്ച വാർദ്ധക്യകാല പെൻഷൻ 2017 ഏപ്രിൽ വരെ പൂർണ്ണ നിരക്കിൽ ലഭിച്ചിരുന്നതായും, 01.06.2016 മുതൽ കർഷക ക്ഷേമപെൻഷൻ അനുവദിച്ചതായും കാണുന്നു. 06.02.2017 ലെ സ.ഉ(എം.എസ്)നം. 67/2017/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 2(i) പ്രകാരം 06.02.2017 ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും, ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/-രൂപ നിരക്കിലും, ബോർഡ് പെൻഷൻ പൂർണ്ണ നിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്ന നിർദ്ദേശ പ്രകാരം കർഷക പെൻഷനുമായി ആധാർ ലിങ്ക് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ 2017 മേയ് മാസം മുതൽ 2023 നവംബർ വരെ 600/-രൂപ നിരക്കിൽ ലഭിച്ചിട്ടുണ്ട്. 06.04.2024 ന് കർഷക ക്ഷേമ പെൻഷൻ റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതിയ്ക്ക് ശേഷം വിതരണം ചെയ്ത 2023 ഡിസംബറിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ 1600/-രൂപാ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ടിയാന് ഏത് മാസം വരെ വാർദ്ധക്യകാല പെൻഷൻ നൽകിയിട്ടുണ്ടെന്നും എത്ര തുകയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ഒക്ടോബർ 2015 മുതൽ ഏപ്രിൽ 2017 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിലും മേയ് 2017 മുതൽ നവംബർ 2023 വരെ 600/- രൂപ നിരക്കിലും, ഡിസംബർ 2023 ൽ പൂർണ്ണ നിരക്കിലും (1600 രൂപ) നൽകിയിട്ടുണ്ട്. |
| (സി) | പെൻഷൻ ഐ.ഡി. നമ്പർ 2220012396 പ്രകാരമുള്ള കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി അപേക്ഷ നൽകിയിരുന്ന ടിയാന്റെ കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ റദ്ദ് ചെയ്തുവെന്നും പ്രസ്തുത പെൻഷൻ ഏത് മാസംവരെ നൽകിയെന്നും വ്യക്തമാക്കുമോ; | (സി) | കർഷക ക്ഷേമ പെൻഷൻ 06.04.2024 തീയതി റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത പെൻഷൻ സെപ്റ്റംബർ -2023 വരെ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ സാമൂഹ്യക്ഷേമ പെൻഷൻ ഏത് മാസം മുതൽ പൂർണ്ണമായും അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 06/04/2024 ന ടിയാന്റെ കർഷകക്ഷേമ പെൻഷൻ റദ്ദ് ചെയ്ത ശേഷം 2024 മെയ് മാസത്തിൽ വിതരണം ചെയ്ത ഡിസംബർ 2023 ലെ സാമൂഹ്യക്ഷേമ പെൻഷൻ പൂർണ്ണ നിരക്കിൽ (1600 രൂപ) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ